II ഇ.ബി. XIII- കേരള നിയമസഭ/XV-6

# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ഡിസംബർ 07, തിങ്കൾ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശമനുസരിച്ച് നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

14 (*151) കെ.എസ്.ആർ.ടി.സി. തൊഴിലാളികളുടെ സമരം

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, കെ.എസ്.ആർ.ടി.സി.

ജീവനക്കാർക്കും പെൻഷൻകാർക്കും കൃത്യമായി ശമ്പളവും പെൻഷനും വിതരണം ചെയ്തുവരികയാണെന്നും തൊഴിലാളികൾക്ക് സമരം ചെയ്യേണ്ട സാഹചര്യം നിലവിലില്ലെന്നും സഭയെ അറിയിച്ചു. 16.10.2015-ന് അംഗീകൃത തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയിൽ ഉയർന്നുവന്ന വിഷയങ്ങൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ തീരുമാനിക്കാനാകാത്ത സാഹചര്യത്തിൽ 23.11.2015-ന് ചേർന്ന യോഗം വീണ്ടും ചർച്ച ചെയ്യുകയും താത്ക്കാലിക ജീവനക്കാരുടെ വേതനത്തിൽ 01.12.2015 മുതൽ 40/- രൂപയുടെ വർദ്ധനവ് വരുത്തുന്നതിനും അംഗീകൃത സംഘടനകൾ അവകാശ പത്രികകൾ സമർപ്പിക്കുന്ന മുറയ്ക്ക് ശമ്പള പരിഷ്കരണ ചർച്ച ആരംഭിക്കുന്നതിനും 01.01.2016 മുതൽ പുതിയ ഇൻസെന്റീവ് സ്കീം നടപ്പാക്കുന്നതിനും ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്നതു സംബന്ധിച്ച് പരിശോധിക്കുന്നതിനും എല്ലാ യൂണിറ്റുകളിലും വനിതാ ജീവനക്കാർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പെൻഷൻ ഫണ്ട് രൂപീകരിച്ച് 2015 ഏപ്രിൽ മുതൽ നവംബർ വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും 15,000 രൂപയായി നിജപ്പെടുത്തി നൽകിയിരുന്ന ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പെൻഷൻ കുടിശ്ശികയിൽ ജനുവരിയിലേത് (15,000 രൂപയ്ക്ക് മുകളിലുള്ള തുക) നവംബറിൽ വിതരണം ചെയ്തുവെന്നും ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ കുടിശ്ശിക ഡിസംബറിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

പെൻഷൻ ഫണ്ടിലേയ്ക്ക് പ്രതിമാസം കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതം കണ്ടെത്തുന്നതിനായി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും ഡിപ്പോകളിൽ യാത്രക്കാർക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റിൽ യാത്ര ചെയ്യുന്നവരിൽ നിന്നും 2015 ഏപ്രിൽ 1 മുതൽ നിശ്ചിത സ്ലാബ് നിരക്കിൽ Social Security Cess ഈടാക്കുന്നതിനും ഉത്തരവിട്ടിട്ടുണ്ടെന്നും ഇതിലൂടെ പ്രതിമാസം 6 കോടിയിൽപ്പരം രൂപ അധികമായി ലഭ്യമാകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പെൻഷൻ വിതരണത്തിനായി 134.40 കോടി രൂപ നോൺ-പ്ലാൻ വിഹിതമായി സർക്കാർ അനുവദിക്കുകയും 2008-09 മുതൽ 2013-14 വരെ നോൺ-പ്ലാൻ വായ്പയായി അനുവദിച്ച 1090.75 കോടി രൂപ സർക്കാരിന്റെ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന വരുമാനം 7 കോടി രൂപയാക്കി വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്നും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി M/s TRACKON Courier (P) Ltd. എന്ന സ്ഥാപനവുമായി സഹകരിച്ച് കൊറിയർ/പാഴ്സൽ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും 3674.13 കോടി

രൂപയായി കെ.എസ്.ആർ.ടി.സി.യുടെ ആസ്തി വിപണിമൂല്യം പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കെ.എസ്.ആർ.ടി.സി.യെ സാമൂഹിക പ്രതിബദ്ധതയും സാമ്പത്തിക സ്വാശ്രയത്തവുമുള്ള ഒരു സ്ഥാപനമാക്കി നിലനിർത്തുന്നതിനായി പുനരുദ്ധാരണ പാക്കേജ് നടപ്പാക്കിവരികയാണെന്നും കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നെടുത്തിട്ടുള്ള വായ്പകൾ മറ്റ് പൊതുമേഖല/വാണിജ്യ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിനായി M/s SBI CAPITAL MARKETS Ltd.-ന്റെ നേതൃത്വത്തിൽ ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിച്ചതുവഴി 10 ബാങ്കുകൾ ചേർന്ന് 1,300 കോടി രൂപ അനുവദിച്ച് നൽകുമെന്നും ഇതിലൂടെ പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 35 കോടിയോളം രൂപ ലാഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി അനുവദിക്കുന്ന യാത്രാസൗജന്യങ്ങളിലൂടെ കോർപ്പറേഷനുണ്ടാകുന്ന നഷ്ടം നിയമാനുസൃത അക്കൗണ്ടിംഗ് സംവിധാനം അനുസരിച്ച് രേഖപ്പെടുത്തി കൃത്യമായ ക്ലെയിം സമർപ്പിക്കാൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബസ് സ്റ്റേഷനുകളിൽ എ.ടി.എം. കൗണ്ടറുകൾ, ഇൻഡ്യൻ കോഫീ ഹൗസിന്റെ ഔട്ട്‌ലെറ്റുകൾ എന്നിവ ആരംഭിക്കുകയും ഓൺലൈൻ റിസർവേഷൻ സിസ്റ്റം പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ടെന്നും ഈ സർക്കാർ അധികാരമേറ്റശേഷം 2024 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ടെന്നും

ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലെങ്കിൽ പത്തുവർഷം ജോലി ചെയ്ത താത്കാലിക ജീവനക്കാരെ സാമുദായിക പരിഗണന സംരക്ഷിച്ചുകൊണ്ട് സ്ഥിരപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

15(*152) <u>അധികാര വികേന്ദ്രീകരണം</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) നൽകിയ മറുപടിയിൽ, മെച്ചപ്പെട്ട രീതിയിൽ അധികാര വികേന്ദ്രീകരണം നടപ്പാക്കിയതിന് 2013-14 സാമ്പത്തിക വർഷം അഖിലേന്ത്യാടിസ്ഥാനത്തിൽ കേരളത്തിന് ഒന്നാംസ്ഥാനം ലഭിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിന് ഉതകുംവിധത്തിലാണ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ തയ്യാറാക്കിയിരിക്കുന്നത്. പ്രദേശിക ഭരണസംവിധാനത്തെ ശാക്തീകരിക്കുന്നതിനും ജനാധിപത്യവത്കരിക്കുന്നതിനും അധികാര വികേന്ദ്രീകരണം അർത്ഥപൂർണ്ണമാക്കുന്നതിനുംവേണ്ടി എല്ലാ തദ്ദേശ സ്വയംഭരണ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി *'സേവാഗ്രാം'* പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പുവർഷം 4800 കോടി രൂപയുടെ വികസന ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും 24% തുക ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടെന്നും ഫണ്ട് ചെലവഴിക്കുന്നതിനുള്ള

സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ടെക്നിക്കൽ കമ്മിറ്റികൾ പിരിച്ചുവിട്ടുകൊണ്ട് ജനപ്രതിനിധികൾക്ക് പ്രാധാന്യം നൽകുകയും വകുപ്പുകൾക്ക് തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിനെ വിഭജിച്ചിട്ടില്ലെന്നും പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി എന്നിവരടങ്ങുന്ന ഏക വകുപ്പായാണ് പ്രവർത്തിച്ചുവരുന്നതെന്നും വിവിധ വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമാണ് ഒന്നിലധികം മന്ത്രിമാർക്ക് ഭരണച്ചുമതല വിഭജിച്ച് നൽകിയിട്ടുള്ളതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട തർക്ക വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത്/നഗരകാര്യ/ഗ്രാമവികസന വകുപ്പുമന്ത്രിമാർ ഉൾപ്പെടുന്ന ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 864 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും 990 ക്ലാർക്കുമാരുടെയും തസ്തികകളും എണ്ണൂറിലധികം പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും സൃഷ്ടിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1823 മുതൽ 2201 വരെയുള്ള ചോദ്യങ്ങളിൽ 212 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ

രേഖാമൂലം ഉത്തരം നൽകി.)